"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - അച്ചടി വകുപ്പിന്റെ **KL-01-CH-4172** , **KL-01-CH-4241** നമ്പർ വാഹനങ്ങളുടെ അറ്റകുറ്റപ്പണി നിർവ്വഹിച്ച നടപടി - സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.32/2025/PPAD തീയതി,തിരുവനന്തപുരം, 12-05-2025

---

പരാമർശം:-

1. അച്ചടിവകുപ്പ് ഡയറക്ടറുടെ 26.10.2024, 05.11.2024 എന്നീ തീയതികളിലെ PTGD/480/2022-G7 നമ്പർ നടപടിക്രമങ്ങൾ
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 18.11.2024 തീയതിയിലെ PTGD/1753/2024/ജി7 നമ്പർ കത്ത്

**ഉത്തരവ്**

അച്ചടിവകുപ്പ് ഗവ.സെൻട്രൽ പ്രസ്സിലെ വാഹനങ്ങളായ KL-01-CH-4172 (vintex no: CH00008), KL-01-CH-4241(vintex no: 17/10/CH00010) എന്നീ നമ്പർ വാഹനങ്ങളുടെ ഫിറ്റ്നസ് കാലാവധി യഥാക്രമം 17/10/2024 , 16/10/2024 എന്നീ തീയതികളിൽ അവസാനിച്ചതിനാലും ടി വാഹനങ്ങൾ ഫിറ്റ്നസ് ടെസ്റ്റിന് ഹാജരാക്കുന്നതിന് മുന്നോടിയായി PWD മെക്കാനിക്കൽ വിഭാഗത്തിൽ നിന്നും 57,830/- (26,930+30,900), 45,880(27280+18600)രൂപയുടെ ഇക്കണോമി, എസ്സൻഷ്യാലിറ്റി സർട്ടിഫിക്കറ്റുകൾ പ്രകാരം അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ TVS MOBILITY Pvt Limited എന്ന സ്ഥാപനത്തിൽ നിന്നും ലഭിച്ചതനുസരിച്ച് , ടി വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനാവശ്യമായ ചെലവ് തുക യഥാക്രമം 57830/- രൂപ, 45,880/- രൂപ ഭരണാനുമതി നൽകിക്കൊണ്ടും "2058-Stationary & Printing-00-103-99- Govt. Presses-21 MV2(R&M)NV" ശീർഷകത്തിൽ നിന്നും വഹിക്കുന്നതിനും പരാമർശം ഒന്ന് പ്രകാരം നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും ആയത് സാധൂകരിച്ചുനൽകണമെന്നും അച്ചടിവകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ അനുമതി തേടാതെ ഇത്തരത്തിൽ നടപടിക്രമങ്ങൾ പുറപ്പെടുവിച്ചത് ആശാസ്യമായ ഒരു

നടപടിയായി കാണുന്നില്ല. എന്നിരുന്നാലും ഒറ്റതവണത്തേക്ക് മാത്രം എന്ന രീതിയിൽ അച്ചടിവകുപ്പ് ഡയറക്ടർ പരാമർശം ഒന്ന് പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള നടപടിക്രമങ്ങൾ സാധൂകരിച്ച് നൽകി ഉത്തരവാകുന്നു.

ഇത്തരത്തിലുള്ള നടപടികൾ ആവർത്തിക്കാതിരിക്കുവാൻ അച്ചടിവകുപ്പ് ഡയറക്ടർ കർശനമായി ശ്രദ്ധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABIN JOSE
ജോയിന്റ് സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/II ) കേരള, തിരുവനന്തപുരം.
4. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ & പി.ആർ.ഡി.
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Seetha K M
Date: 12-05-2025 16:16:46
സെക്ഷൻ ഓഫീസർ